"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ക്ലീൻ കേരള കമ്പനി ലിമിറ്റഡ് - തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമിള മേരി ജോസഫ് ഐ.എ.എസ്., തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ. സീറാം സാംബശിവ റാവു ഐ.എ.എസ്., തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യ ഡയറക്ടർ ശ്രീ. സൂരജ് ഷാജി ഐ.എ.എസ്. എന്നിവരെ ക്ലീൻ കേരള കമ്പനിയുടെ ഡയറക്ടർ ബോർഡിൽ അംഗങ്ങളായി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.620/2025/LSGD തീയതി,തിരുവനന്തപുരം, 06-03-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 967/2020/തസ്വഭവ തീയതി 25/05/2020
2. സ.ഉ.(സാധാ) നം. 2827/2022/തസ്വഭവ തീയതി 16/11/2022
3. സ.ഉ.(സാധാ) നം. 377/2024/തസ്വഭവ തീയതി 15/02/2024
4. ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 25/11/2024ലെ CS/2167/CKCL/2024 നമ്പർ കത്ത്.

**ഉത്തരവ്**

ക്ലീൻ കേരള കമ്പനിയുടെ ഡയറക്ടർ ബോർഡിൽ മുൻ അഡീഷണൽ ചീഫ് സെക്രട്ടറി, മുൻ പ്രിൻസിപ്പൽ ഡയറക്ടർ , മുൻ അർബൺ ഡയറക്ടർ എന്നിവർക്കു പകരം പുതിയ ആൾക്കാരെ നിയോഗിച്ച് ഉത്തരവായിട്ടില്ലായെന്നും അതിനാൽ അപ്രകാരം ഉത്തരവാകണമെന്നും പരാമർശം (4) പ്രകാരം ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലീൻ കേരള കമ്പനി ഡയറക്ടർ ബോർഡ് അംഗങ്ങളായിരുന്ന മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി. ശാരദാ മുരളീധരൻ ഐ.എ.എസ്, മുൻ പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ. എം.ജി. രാജമാണിക്യം ഐ.എ.എസ്, മുൻ അർബൺ ഡയറക്ടർ ശ്രീ. അലക്സ് വർഗ്ഗീസ് ഐ.എ.എസ് എന്നിവർക്കു പകരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമിള മേരി ജോസഫ് ഐ.എ.എസ്., തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ. സീറാം സാംബശിവ റാവു ഐ.എ.എസ്., തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യ ഡയറക്ടർ ശ്രീ. സൂരജ് ഷാജി ഐ.എ.എസ്. എന്നിവരെ ക്ലീൻ കേരള കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങളായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ ബോർഡിലെ എല്ലാ അംഗങ്ങൾക്കും (മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം,
തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഐ.എ2/175/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 06-03-2025 11:05:31
സെക്ഷൻ ഓഫീസർ